## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.679 | 28/02/2017-ൽ മറുപടിക്ക്

### പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പെരുന്തേനരുവി ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത് ; ഇനി ഏതൊക്കെ പൂർത്തിയാക്കാനുണ്ട് ; നിർമ്മാണം പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വിശദമാക്കാമോ ; | (എ) | പെരുന്തേനരുവി ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ് (ഏകദേശം 95 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്). ഇലക്ട്രോ മെക്കാനിക്കൽ ഇറക്ഷനും, അവസാനഘട്ട പണികളുമാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പണികൾ പുരോഗമിക്കുന്നു. യന്ത്രങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനാവശ്യമായ ജലത്തിന്റെ ദൗർലഭ്യം മാത്രമാണ് നിലവിലുള്ള തടസ്സം. |
| (ബി) | നിർമ്മാണം പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് അറിയിക്കുമോ ; പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത് ; ഇവിടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിതരണം സംബന്ധിച്ച് വിശദമാക്കാമോ ? | (ബി) | 2017 മാർച്ച് അവസാനത്തോടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.<br>6 മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ഈ വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റെയും, റാന്നി-പെരിനാട് 33 കെ.വി. സബ്സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, റാന്നി - പെരിനാട്, റാന്നി - പഴവങ്ങാടി, റാന്നി - അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ